(ഡി) ഊര് ഭാഷ, കലാരൂപങ്ങൾ, പാട്ടുകൾ എന്നിവ നിലവിലുള്ള പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 37 പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്. സമുദായങ്ങളുടെ പേരും അവരുടെ ഭാഷയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ 1450 അംഗൻവാടികൾ ആദിവാസി ഊരുകളിൽ സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 13 നഴ്സറി സ്കൂളുകൾ, 25 കിന്റർ ഗാർട്ടനുകൾ, 3 ബാല വിജ്ഞാന കേന്ദ്രങ്ങൾ, 4 വികാസ് വാടികൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. നിലവിൽ അംഗൻവാടി വർക്കർമാർ മലയാള ഭാഷയാണ് പൊതുവിൽ ഉപയോഗിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ട വർക്കർമാർ അവരുടെ നൈപുണ്യം അനുസരിച്ച് ഗോത്ര ഭാഷയും ഉപയോഗിച്ചുവരുന്നു.

(സി) ഗോത്രവിഭാഗത്തിലെ കുട്ടികളുടെ വിദ്യാലയത്തിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്കിന്റെ വിവിധ കാരണങ്ങളിൽ ഒന്ന് ഭാഷാ പ്രശ്നമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രീ-പ്രൈമറി കരിക്കുലം തയ്യാറാക്കുന്നതിന് നേതൃത്വം കൊടുക്കുന്നത് എസ്.സി.ഇ.ആർ.ടി.; സാമൂഹ്യക്ഷേമ വകുപ്പ് എന്നിവയാണ്. ഗോത്രഭാഷ പാട്ടുകൾ, കലാരൂപങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് അവ രേഖപ്പെടുത്തുകയും പണിയ ഭാഷയ്ക്ക് ലിപി തയ്യാറാക്കുന്നതിനുമുള്ള നടപടികൾ കിർത്താഡ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ കൊറഗ, കാട്ടുനായ്ക്കൻ, അടിയ സമുദായങ്ങൾക്കുള്ള മലയാള ഭാഷാ പാഠാവലികളും കിർത്താഡ്സ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ഹാംലറ്റ് വികസന പദ്ധതി

289 (659) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി ഹാംലറ്റ് വികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) 2013-14 സാമ്പത്തിക വർഷം മുതൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 സാമ്പത്തിക വർഷം മുതൽ 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും പദ്ധതി നടപ്പാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഹാംലറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ 4 കോളനികളിൽ പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്. ജില്ലാ കളക്ടർ പദ്ധതി അവലോകനം ചെയ്യുവരുന്നു.

പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള പദ്ധതി

290 (660) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly